**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 970** **10-08-2023 - ൽ മറുപടിയ്ക്ക്**

**വനം വകുപ്പിലെ താൽക്കാലിക വാച്ചർ മാരുടെ ശമ്പളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം വകുപ്പിലെ താൽക്കാലിക വാച്ചർമാർക്ക് ശമ്പളം പൂർണ്ണമായും വിതരണം ചെയ്യാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ എത്ര മാസത്തെ ശമ്പളമാണ് നിലവിൽ കുടിശികയായി ഉള്ളത്; വിശദമാക്കാമോ; | (എ) | നിലവിലുണ്ട്. വിവിധ ശീർഷകങ്ങളിൽ അനുവദിക്കുന്ന ഫണ്ടിന്റെ ലഭ്യത അനുസരിച്ചാണ് വനം വകുപ്പിലെ വനസംരക്ഷണ പ്രവൃത്തികൾക്കും വിവിധ തോട്ടങ്ങളുടെയും, നഴ്സറികളുടെയും രൂപീകരണം, പരിചരണം എന്നിങ്ങനെ വിവിധ പ്രവൃത്തികൾക്കായി നിയോഗിച്ചിട്ടുള്ള താൽക്കാലിക വാച്ചർമാർക്ക് വേതനം വിതരണം ചെയ്യുന്നത്. ചില ശീർഷകങ്ങളിലെ ഫണ്ടിന്റെ അപര്യാപ്തത മൂലം കേരളത്തിലെ വിവിധ ഡിവിഷനുകളിലായി താൽക്കാലിക വാച്ചർമാർക്ക് വേതനം കുടിശ്ശികയായിരുന്നു. എന്നാൽ ഫണ്ട് ലഭിക്കാൻ കാലതാമസം വരുന്നതിനാൽ താൽക്കാലിക വാച്ചർമാരുടെ ആവശ്യം പരിഗണിച്ച് ഫണ്ട് ലഭിക്കുമ്പോൾ തിരികെ നൽകാം എന്ന വ്യവസ്ഥയിൽ അതാത് ഡിവിഷനുകളിലെ ഫോറസ്റ്റ് ഡവലപ്മെന്റ് ഏജൻസി/പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷൻ എന്നിവിടങ്ങളിൽ നിന്നും താൽക്കാലിക വായ്പ എടുത്ത് 2023 ജനുവരി മാസം വരെയുള്ള വേതനം നൽകിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് ആകെ എത്രപേരാണ് താൽക്കാലിക വാച്ചർ തസ്തികയിൽ ജോലി ചെയ്യുന്നത്; ഇവർക്ക് കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും ഉൾപ്പെടെ ആണോ ശമ്പളം നൽകി വരുന്നതെന്നും വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് നിലവിൽ വന സംരക്ഷണ പ്രവൃത്തികൾക്കും വിവിധ തോട്ടങ്ങളുടെയും, നഴ്സറികളുടെയും രൂപീകരണം, പരിചരണം എന്നിങ്ങനെ വിവിധ പ്രവൃത്തികൾക്കായി 2840 താൽക്കാലിക വാച്ചർമാർ ജോലി നോക്കി വരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികൾക്കായി നിയോഗിക്കപ്പെടുന്ന താൽക്കാലിക വാച്ചർമാർക്ക് കേന്ദ്ര വിഹിതം കൂടി ചേർത്തുള്ള വേതനമാണ് നൽകുന്നത്. ബാക്കിയുള്ളവർക്ക് സംസ്ഥാന വിഹിതത്തിൽ നിന്നുമാണ് വേതനം നൽകുന്നത് |
| (സി) | ശമ്പളം കുടിശികക്ക് പുറമേ ബിൽ സമർപ്പിച്ച മുഴുവൻ ജോലി ദിവസങ്ങൾക്കും ശമ്പളം മാറി നൽകാത്ത | (സി) | താൽക്കാലിക വാച്ചർമാർ ജോലിക്ക് ഹാജരാകുന്ന ദിവസങ്ങളിൽ മസ്റ്റർ റോളിൽ ഹാജർ |

| | | | |
|---|---|---|---|
| | സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ജോലി ദിവസങ്ങളുടെ എണ്ണം വെട്ടിക്കുറയ്ക്കുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | | രേഖപ്പെടുത്തേണ്ടതാ യിട്ടുണ്ട്. അപ്രകാരം ഹാജർ രേഖപ്പെടുത്തിയിട്ടുള്ള എല്ലാ ദിവസങ്ങളിലും വേതനം അനുവദിക്കാറുണ്ട്. ജോലി ദിവസങ്ങളുടെ എണ്ണം വെട്ടിക്കുറയ്ക്കാറില്ല. |
| (ഡി) | ശമ്പളത്തിലെ സംസ്ഥാന വിഹിതം യഥാസമയം മാറ്റി വയ്ക്കാത്തതാണോ ശമ്പളം കുടിശിക ആകാനുള്ള കാരണം എന്നറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | കേന്ദ്ര-സംസ്ഥാന ഫണ്ടുകൾ ഉൾപ്പെടുന്ന വിവിധ ബഡ്ജറ്റ് ശീർഷകങ്ങളിൽ ആവശ്യമായ ഫണ്ട് ലഭ്യമാകാത്തതാണ് വേതനം കുടിശ്ശികയാകാൻ കാരണം. |

സെക്ഷൻ ഓഫീസർ